# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ദേശീയ ജലവിഭവ കൗൺസിൽ അംഗീകരിച്ച ജലനയം

2674 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലവിഭവ കൗൺസിൽ അംഗീകരിച്ച ജലനയം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനങ്ങളിൽ വേണ്ടത്ര ചർച്ച ചെയ്യാതെയും സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും തയ്യാറാക്കിയ കേന്ദ്ര ജലനയം ആശങ്കാജനകമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) സിയാൽ മോഡൽ കമ്പനിയും ജലവിഭവ റഗുലേറ്ററി അതോറിറ്റി ഓർഡിനൻസും കേരളത്തിൽ 2008 - ൽ രൂപീകരിച്ച് നടപ്പാക്കിയ ജനകീയ ജല നയം അട്ടിമറിക്കാനുള്ളതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മഴയുടെ അളവ്</u>

2675 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ജനുവരി മുതൽ ഡിസംബർ 31 വരെ എത്ര ശതമാനം വീതം കാലവർഷവും തുലാവർഷവും ലഭിച്ചു ; വ്യക്തമാക്കുമോ ;

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

ജലനയം

2676 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -ൽ കേരളത്തിൽ എത്ര ശതമാനം മഴയുടെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുടങ്ങിക്കിടക്കുന്ന ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിന് സർക്കാർ എടുത്ത നടപടികൾ വിശദമാക്കുമോ;

(സി) കൊടിയ വരൾച്ചയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് സമഗ്രമായൊരു ജലനയം നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>നല്ലനാട് - നല്ല വെള്ളം പദ്ധതി</u>

2677 ശ്രീ. വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നല്ലനാട് നല്ല വെള്ളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) ഏതെല്ലാം എജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>ജലസുരക്ഷാ പദ്ധതി</u>

2678 ശ്രീ. സണ്ണി ജോസഫ്
'' എ.ടി. ജോർജ്
'' ഐ.സി. ബാലകൃഷ്ണൻ
'' പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിന് പദ്ധതി</u>

2679 ശ്രീ. പി.സി.ജോർജ്
,, റോഷി അഗസ്റ്റിൻ
,, ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുടിവെള്ള സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>നബാർഡിന്റെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി</u>

2680 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്നാണ് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി എത്ര തുകയാണ് നബാർഡ് സഹായമായി നൽകുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

നബാർഡ് സ്കീമിൽ ഉൾപ്പെട്ട കുടിവെള്ള പദ്ധതികൾ

2681 ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര കുടിവെള്ള പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുളളത്;

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ച തുക പ്രവർത്തികൾ സഹിതം വ്യക്തമാക്കുമോ;

(സി) ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതികൾ</u>

2682 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഓരോ പദ്ധതിയുടെ വിവിധഘടകങ്ങൾ പ്രത്യേക ടെണ്ടറായി കൊടുക്കുന്നതുമൂലം കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ പണി പൂർത്തിയാകാത്തത് എത്രയാണ്; വ്യക്തമാക്കാമോ;

(ഡി) അവ പൂർത്തിയാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് പദ്ധതികള്‍</u>

2683 ശ്രീ. ആര്‍. സെല്‍വരാജ്
,, ഷാഫി പറമ്പില്‍
,, വി.റ്റി. ബല്‍റാം
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) നിലവില്‍ ജല അതോറിറ്റിക്കായി കുടിവെള്ളം എടുക്കുന്ന സ്ഥലങ്ങള്‍ക്ക് സമീപം ചെക്ക് ഡാമുകള്‍ നിര്‍മ്മിക്കുന്നത് കര്‍മ്മപദ്ധതിയില്‍ ഉള്‍പ്പെടുത്തുമോ; വിശദമാക്കുമോ;

(സി) കേടായ ശുദ്ധജലവിതരണക്കുഴലുകള്‍ അടിയന്തിരമായി മാറ്റി സ്ഥാപിക്കുവാനുള്ള നിര്‍ദ്ദേശം പദ്ധതിയില്‍ ഉള്‍പ്പെടുത്തുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഇറിഗേഷൻ പദ്ധതികൾ

2684 ശ്രീ. വി.ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭല വകുപ്പിന് കീഴിൽ 1995 ന് ശേഷം എത്ര ഇറിഗേഷൻ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(സി) പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) ഓരോ പദ്ധതിക്കും അനുവദിച്ച അടങ്കൽ തുകയും പദ്ധതി പൂർത്തീകരിക്കാൻ ചെലവായ തുകയും എത്രയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ശുദ്ധജലപദ്ധതികൾ</u>

2685 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ആദ്യ രണ്ടുവർഷത്തിനിടയിൽ ചെറുതും വലുതുമായ 143 ശുദ്ധജലപദ്ധതികൾ പൂർത്തീകരിച്ചത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചെറുതും വലുതുമായ എത്ര ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>തീരദേശ കുടിവെള്ള പദ്ധതികൾ</u>

2686 ശ്രീ. ബി. സത്യൻ
,, വി. ശിവൻകുട്ടി
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ മേഖലയിലാകെ കടുത്ത ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറ്റകുറ്റപ്പണികൾ നടത്തുന്നതിലുണ്ടായ അലംഭാവം കൊണ്ട് പല തീരദേശ ശുദ്ധജലവിതരണ പദ്ധതികളും നിർജ്ജീവമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ തീരദേശ കുടിവെള്ള പദ്ധതികളായ വിഴിഞ്ഞം, പുലിയൂർക്കോണം, മുക്കോല, കരിച്ചൽ, കണ്ണകുളം, ആട്ടറമൂല, പുളിങ്കുടി തുടങ്ങിയവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നല്കകുമോ ;

(ഡി) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ബോണക്കാട് എസ്റ്റേറ്റിന് പകരമായി വനം വകുപ്പിന് നൽകിയ പേപ്പാറ ഡാമിന് ഉയരം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

'സിയാൽ' മോഡൽ കുടിവെള്ള കമ്പനി

2687 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സിയാൽ' മോഡൽ കുടിവെള്ള കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സിയാൽ മോഡൽ കമ്പനിയുടെ പ്രവർത്തനമേഖലകൾ ഏതെക്കൊയാണ്; പൈപ്പിലൂടെ കുടിവെള്ളം വിതരണം നടത്തുന്നത് കമ്പനിയുടെ അധികാര പരിധിയിൽ ഉൾപ്പെടുന്നുണ്ടോ; വിശദമാക്കുമോ;

(സി) കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവേജ് ആക്ട് അനുസരിച്ച് കുടിവെള്ള വിതരണത്തിന്റെ ചുമതല ഏത് ഏജൻസിയിൽ നിക്ഷിപ്തമാണ്; പ്രസ്തുത നിയമത്തിലെ ഏതു വ്യവസ്ഥ അനുസരിച്ചാണ് സിയാൽ മോഡൽ കുടിവെള്ള കമ്പനി രൂപീകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ജല റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഏതെല്ലാം വിഷയങ്ങളാണ് റഗുലേറ്ററി അതോറിറ്റിയുടെ അധികാര പരിധിയിൽ ഉൾപ്പെടുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ജലസുരക്ഷാ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ</u>

2688 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ജലസുരക്ഷാപദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ;

(ബി) മലബാര്‍ ഇറിഗേഷന്‍ പാക്കേജില്‍ (എം.ഐ.ആര്‍.പി.എ) ഉള്‍പ്പെടുത്തി ഭാരണാനുമതി നല്‍കിയ പദ്ധതികള്‍ ഏതെല്ലാമാണെന്നും അവയില്‍ നിര്‍മ്മാണം ആരംഭിച്ചവ എത്രയാണെന്നും പൂര്‍ത്തിയാക്കിയവ ഏതെല്ലാമാണെന്നുമുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ചേലക്കര മണ്ഡലത്തില്‍ പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഭരണാനുമതി നല്കിയിരുന്ന് കൂട്ടില്‍മുക്ക് പൈങ്കുളം, കൊടമ്പാറക്കയം എന്നീ തടയണകളുടെ നിര്‍മ്മാണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ഡി) രൂക്ഷമായ കുടിവെള്ളക്ഷാമവും വരള്‍ച്ചയും നേരിടുന്ന സാഹചര്യത്തിലെങ്കിലും സമയബന്ധിതമായി തടയണകളുടെ നിര്‍മ്മാണം ആരംഭിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ എല്ലാ പുഴകളെയും സംരക്ഷിക്കാൻ സമഗ്ര പദ്ധതി</u>

2689 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പുഴകളെയും സംരക്ഷിക്കുവാൻ സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര തുകയുടെ പദ്ധതിയ്ക്കാണ് ഇപ്പോൾ രൂപം നൽകിയിട്ടുളളത്; പ്രസ്തുത പദ്ധതികളെല്ലാം ഘട്ടം ഘട്ടമായി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) കേരളത്തിലെ നദികളെ വൻ തോതിലുളള മണലെടുപ്പും കൈയ്യേറ്റവും മൂലം പാരിസ്ഥിതിക നാശം നേരിടുന്നത് ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) നദീ സംരക്ഷണത്തിനായി എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുളളത്; പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കുളങ്ങളുടെ നവീകരണം

2690 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന സാഹചര്യത്തിൽ കുളങ്ങളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ആയതിൻ പ്രകാരം ചെറുകിട ജലസേചന വകുപ്പിൻ കീഴിൽ കൊല്ലം ജില്ലയിൽ ഏതൊക്കെ കുളങ്ങളാണ് നവീകരണപ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടിട്ടുളളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഓരോ പഞ്ചായത്തിലും ഒരു കുളം

2691 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ഒരു കുളം വീതം നിർമ്മിക്കണമെന്ന നിർദ്ദേശത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇനി എത്ര തുക അനുവദിക്കാനുണ്ട്; വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തികവർഷം പ്രസ്തുതപദ്ധതി തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ
ഒരു കുളം പദ്ധതി

2692 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിലെ ഒരു കുളം നവീകരിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽനിന്നും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽവരുന്ന ഏതെല്ലാം കുളങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിലേയ്ക്കായി ഓരോ കുളത്തിനും എത്ര തുക വീതം ചെലവഴിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിയുടെ നിലനിൽപ്പ്

2693 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവേജ് ആക്ട് അനുസരിച്ച് കേരള വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ രൂപീകരിക്കാൻ ശ്രമിക്കുന്ന 'കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ്' -ൽ ഇക്യൂറ്റി ഷെയർ ഹോൾഡർ ആകുവാൻ സാധിക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ, സ്വീവേജ് പദ്ധതികൾ ശുചിത്വ മിഷന് കൈമാറാനുള്ള നീക്കമുണ്ടോ;

(സി) കേരള വാട്ടർ അതോറിറ്റി ശുദ്ധീകരിക്കുന്ന കുടിവെള്ളം ജലനിധി പദ്ധതികളിൽ കൂടി വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ പദ്ധതികൾ ഏതൊക്കെയെന്നറിയിക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് ആട്ടോണമി നൽകി കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് ഓർഡർ റദ്ദാക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഐ.ഐ.എം. ബാംഗ്ലൂർ തയ്യാറാക്കിയ റിപ്പോർട്ട്</u>

2694 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗിന്റെ ഭാഗമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ തയ്യാറാക്കിയ പ്രോസസ്സ് റീ എഞ്ചീനീയറിംഗ്, ഫിനാൻഷ്യൽ റീ എഞ്ചിനീയറിംഗ് സംബന്ധിച്ച റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ജലനിധി പദ്ധതി

2695 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി ഏതൊക്കെ പ്രദേശങ്ങളിലാണ് ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചു; ഇനി ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>

2696 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന മൈനർ ഇറിഗേഷൻ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) 2012 ഏപ്രിൽ മുതൽ 2013 ജനുവരി വരെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013–ലെ മറുപടിക്ക്

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ജലനിധി II പദ്ധതി

2697 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ജലനിധി II പദ്ധതി ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) ആയതിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിക്കാമോ;

(സി) ഓരോ ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നടത്തിപ്പിനായി എത്ര തുകയാണ് അനുവദിച്ചത് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കല്ലട ജലസേചനപദ്ധതിയുടെ അറ്റകുറ്റപ്പണിയും നിർമ്മാണവും പൂർത്തിയാക്കാൻ നടപടി

2698 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ 2-ാം കിലോമീറ്ററിലെ അറ്റകുറ്റപ്പണിയും നിർമ്മാണവും പൂർത്താക്കി ജലവിതരണം സുഗമമാക്കാൻ എത്ര ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെന്നും എന്ന് നൽകിയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നാണ് ടെണ്ടർ ചെയ്തത്; ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; ഏത് കരാറുകാരനാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്;

(സി) പ്രസ്തുത കരാറുകാരൻ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചുവോ; എന്നത്തേയ്ക്ക് പണി പൂർത്തീകരിക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത്;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അതു എന്താണെന്ന് അറിയിക്കുമോ; ആയതിന് പരിഹാരം കാണുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിര്‍മ്മാണ പ്രവൃത്തികള്‍

2699 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേലക്കര മണ്ഡലത്തില്‍ ഇപ്പോള്‍ നടന്നുവരുന്ന കുടിവെള്ള പദ്ധതികളുടെ നിര്‍മ്മാണ പ്രവൃത്തികള്‍ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികള്‍ നിര്‍മ്മാണം തുടങ്ങിയത് എന്നാണെന്നും പൂര്‍ത്തിയാക്കേണ്ടിയിരുന്നതെന്നാണെന്നും ഇതുവരെ ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഇവയില്‍ ഓരോ പദ്ധതിയും പൂര്‍ത്തിയാക്കുവാനുള്ള തടസ്സങ്ങള്‍ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന നിലവിലെ അവസരത്തില്‍ പ്രസ്തുത കുടിവെള്ള പദ്ധതികള്‍ എപ്പോള്‍ പൂര്‍ത്തിയാക്കാന്‍ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

2700 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽപ്പെടുത്തി ജലവിഭവവകുപ്പ് വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അതിനായി എന്തു തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇതു വരെ ചെലവഴിക്കപ്പെട്ടിട്ടുള്ള തുക നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കേണ്ട തുകയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) ടാർജറ്റ് അനുസരിച്ചുള്ള തുക ചെലവഴിക്കപ്പെടാതെ പോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തന പുരോഗതി വേഗത്തിലാക്കാൻ നിയോജകമണ്ഡലതലത്തിൽ വിലയിരുത്തൽ നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ ജലനിധി പദ്ധതി

2701

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജലനിധി പദ്ധതിയിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ഓരോ പഞ്ചായത്തിലും എത്ര ലക്ഷം രൂപയുടെ പദ്ധതിയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മേൽ പദ്ധതിയിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ചേർത്തലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

2702 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചേർത്തല നിവാസികൾ നേരിടുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൈപ്പുകൾ പൊട്ടി റോഡുകൾക്ക് കേടുപാടുണ്ടാക്കുന്നതും പല പ്രദേശങ്ങളിലും കുടിവെള്ളം മുടങ്ങിയിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പണമടച്ച്, കുടിവെള്ള പദ്ധതിപ്രകാരം കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്ക്, പൊട്ടിപ്പൊളിഞ്ഞ പൈപ്പുകളിലൂടെ കടന്നുവരുന്ന മലിനജലമാണ് കിട്ടിക്കൊണ്ടിരിക്കുന്നതെന്നതും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ എത്ര ആഴ്ചകൾക്കുള്ളിൽ അന്തിമമായി പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ജപ്പാൻ കുടിവെള്ള പദ്ധതി ചേർത്തലയിൽ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ജാപ്പാൻ കുടിവെള്ളപദ്ധതി</u>

2703 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോഡ് റിപ്പയർ ചെയ്തതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് എത്ര തുക നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത ഇനത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച മുഴുവൻ തുകയും നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിലെ ജപ്പാൻ കുടിവെള്ള പദ്ധതി</u>

2704 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി അമ്പലപ്പുഴ മണ്ഡലത്തിലെ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അധിക ചുമതല നൽകി; ഇതുവരെ തിരികെ അമ്പലപ്പുഴയിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇല്ലാത്തതുകാരണം മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം താറുമാറായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്കായി അയച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവനം പൂർണ്ണസമയം അമ്പലപ്പുഴ മണ്ഡലത്തിന് ലഭ്യമാകത്തക്കവിധം തിരികെ നിയമിക്കുമോ;

(ഡി) ഇത്തരത്തിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് തിരികെ നിയമനം നൽകി, അവർ ഏതു നിയമസഭാ മണ്ഡലങ്ങളിൽപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരാണെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കയ്പമംഗലം മണ്ഡലത്തിലെ ഏറിയാട് - മേത്തല കുടിവെള്ള പദ്ധതി

2705

ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കയ്പമംഗലം മണ്ഡലത്തിലെ ഏറിയാട് - മേത്തല കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ പൂർണ്ണമായ കമ്മീഷനിംഗ് എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പഴവങ്ങാടി-റാന്നി വടശ്ശേരിക്കര മേജര്‍ കുടിവെള്ള പദ്ധതി</u>

2706 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഴവങ്ങാടി-റാന്നി വടശ്ശേരിക്കര മേജര്‍ കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ട നിര്‍മ്മാണം പൂര്‍ത്തിയാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് ഇതുവരെ ചെലവാക്കിയിട്ടുള്ളത്; പദ്ധതി കമ്മീഷനിംഗിന് വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; ആദ്യഘട്ടത്തില്‍ എത്ര കി.മീറ്റര്‍ നീളത്തില്‍ വിതരണക്കുഴലുകള്‍ സ്ഥാപിച്ചിട്ടുണ്ട്; ഏതൊക്കെ മേഖലയില്‍ ആദ്യഘട്ടം വെള്ളമെത്തിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നത്; പ്രവൃത്തികളുടെ വിവരവും തുകയും സഹിതം വ്യക്തമാക്കുമോ;

(സി) ഇതില്‍ ഏതൊക്കെ പ്രവൃത്തികളാണ് ടെന്‍ഡര്‍ ചെയ്തിട്ടുള്ളത്; ടെന്‍ഡര്‍ ചെയ്തവയില്‍ ഇനിയും നിര്‍മ്മാണം ആരംഭിക്കാത്തവയുണ്ടോ; ഏതൊക്കെ; പ്രവൃത്തികള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കല്ലട ജലസേചന പദ്ധതി</u>

2707 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ ഇടതു-വലതു കനാലുകളിലെ ചോർച്ചമൂലം ജലം പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനാലുകൾ ബലപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ തുകയും, നടത്തിയ പ്രവർത്തനങ്ങളും വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ചെറുതാഴം സെൻസസ് ടൗൺ കുടിവെള്ള പദ്ധതി

2708 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി സമർപ്പിച്ച ചെറുതാഴം സെൻസസ് ടൗൺ പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സമെന്താണ് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കല്ലട ഇറിഗേഷൻ പ്രോജക്ട്</u>

2709 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ ഭാഗമായി കല്ലട ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമായിരുന്നു;

(ബി) അതിനായി എത്ര തുക വീതം വകയിരുത്തിയിരുന്നു; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്;

(ഡി) അവയ്ക്ക് എത്ര തുകയാണ് ചെലവായത്; വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>ചേര്‍ത്തല മണ്ഡലത്തില്‍ നടപ്പിലാക്കിയ</u>
<u>ഇറിഗേഷന്‍ പ്രവൃത്തികള്‍</u>

2710 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല മണ്ഡലത്തില്‍ ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നടപ്പിലാക്കിയ ഇറിഗേഷന്‍ പ്രവര്‍ത്തികള്‍ ഏതെല്ലാമെന്നും, അതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) വരുന്ന സാമ്പത്തികവര്‍ഷം ചേര്‍ത്തല മണ്ഡലത്തില്‍ ചെയ്യാനുദ്ദേശിക്കുന്ന ഇറിഗേഷന്‍ പ്രവൃത്തികള്‍ ഏതെല്ലാമെന്നും, പ്രസ്തുത പ്രവൃത്തികള്‍ക്ക് എന്തു തുക അനുവദിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പന്തളം കുടിവെള്ളപദ്ധതി</u>

2711 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്തളത്ത് നിലനിൽക്കുന്ന കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് പരിഹരിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പന്തളം കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ 80% ത്തിലേറെ പൂർത്തീകരിച്ച് വർഷങ്ങളായിട്ടും പണി പൂർത്തീകരിക്കുവാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ;

(സി) പദ്ധതിയുടെ പൂർത്തീകരണത്തിന് അധികമായി വേണ്ട തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തിരമായ അനുകൂല നടപടി സാദ്ധ്യമാക്കുമോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിന് കഴിയുമെന്നറിയിക്കാമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

റാന്നി താലൂക്കിലെ കൊല്ലമുള പദ്ധതി

2712 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ കൊല്ലമുള പദ്ധതിക്ക് ആദ്യഘട്ടമായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചെറുകോൽ-നാരങ്ങാനം, വടശ്ശേരിക്കര -പടയനിപ്പാറ എന്നീ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ; എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്?

(ഡി) പെരുനാടി-അത്തിക്കയം പദ്ധതിയുടെ ഡി.ഇ.ആർ പൂർത്തിയാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത്?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കട്ടപ്പന - ഇരട്ടയാർ കുടിവെള്ള പദ്ധതി</u>

2713

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കട്ടപ്പന - ഇരട്ടയാർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നു മുതലാണ്; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു;

(ഡി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ഫെയ്സ് 3, ഫെയ്സ് 4 ഇറിഗേഷൻ നിർമ്മാണ പ്രവൃത്തികൾ</u>

2714 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഫെയ് 3, ഫെയ്സ് 4 എന്നിവയിൽ ഉൾപ്പെട്ട മേജർ/മൈനർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തികളിൽ അടിയന്തിര സ്വഭാവം ഉള്ള 10 ലക്ഷം രൂപയ്ക്ക് താഴെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ തന്നെ സാമ്പത്തികാനുമതി നൽകി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഫെയ്സ് 3, ഫെയ്സ് 4 എന്നിവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലാതാമസം ഉണ്ടാകും എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫെയ്സ് 3, ഫെയ്സ് 4 എന്നിവയിൽ ഉൾപ്പെട്ട പാടശേഖരങ്ങളിൽ ഇറിഗേഷൻ വകുപ്പ് നിർമ്മാണ പ്രവൃത്തികൾ നടത്താത്തതുമൂലം കൃഷിനാശം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അനധികൃത ചെക്ക് ഡാമുകൾ</u>

2715

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിയാറിലെ ജലം അനധികൃത ചെക്ക് ഡാമുകൾ നിർമ്മിച്ച് തടഞ്ഞ് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വാഗമൺ വില്ലേജിൽ മാത്രം 13 ഓളം അനധികൃതമായ ചെക്ക് ഡാമുകൾ നിർമ്മിച്ചിരിക്കുന്നത് ആരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മീനച്ചിലാറിന്റെ പ്രഭവകേന്ദ്രങ്ങളിലും, വാഗമണ്ണിലെ മൊട്ടക്കുന്നുകളിലും സ്വകാര്യവ്യക്തികൾ നിർമ്മിച്ചിട്ടുള്ള അനധികൃത തടയണകൾ സൃഷ്ടിക്കുന്ന പാരിസ്ഥിക പ്രശ്നങ്ങൾ സംബന്ധിച്ച വാർത്തകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഭാരതപ്പുഴക്ക് കുറുകെ ചെറുതുരുത്തിയിൽ തടയണ

2716 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴക്ക് കുറുകെ ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തിയിൽ തടയണ നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തടയണ നിർമ്മാണം എപ്പോഴാണ് ആരംഭിച്ചത്; ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) തടയണ നിർമ്മാണം സ്തംഭനാവസ്ഥയിലാകാനുള്ള കാരണവും തടസ്സങ്ങൾ മാറ്റി നിർമ്മാണം പുനരാരംഭിക്കുവാനും സ്വീകരിച്ച നടപടികളും വിശദമാക്കുമോ ;

(ഡി) കുടിവെള്ളക്ഷാമവും വരൾച്ച കാരണം കാർഷിക തകർച്ചയും നേരിടുന്ന സാഹചര്യത്തിൽ തടയണ നിർമ്മാണം എപ്പോൾ പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിന്റെ ടെണ്ടർ</u>

2717 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാൻ ടെണ്ടർ വിളിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ

(സി) പുതിയ ഡാമിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അനധികൃത തടയണകൾ</u>

2718 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, സാജു പോൾ
,, എസ്. രാജേന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പ്രത്യേകിച്ച് വാഗമൺ വില്ലേജിൽ സ്വകാര്യവ്യക്തികൾ നിരവധി അനധികൃത തടയണകൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ലാ കളക്ടർ ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് നൽകിയിരുന്നോ ; എങ്കിൽ പകർപ്പ് നൽകാമോ ;

(സി) പെരിയാറിലേയ്ക്കുള്ള നീരൊഴുക്കു തടയുന്ന ഇവ പൊളിച്ചു മാറ്റാൻ നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

തുമ്പൂർമുഴിയിൽ തടയണ, പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

2719 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴിയിൽ പുതിയ തടയണ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടത്തിപ്പിലാക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>വൈപ്പിനിലെ കൽച്ചിറ നിർമ്മാണം</u>

2720 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായലിനോട് ചേർന്ന ഭാഗങ്ങളിൽ കൽച്ചിറ കെട്ടുന്നതിനും തോടുകളുടെ ആഴം വർദ്ധിപ്പിച്ച് കൽച്ചിറ കെട്ടുന്നതിനും വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ജല ഡാമുകളുടെ നവീകരണവും പുതിയ ഡാം നിർമ്മാണവും

2721 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ നിലവിൽ എത്ര ഡാമുകളുണ്ട് അവ ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോക ബാങ്ക് സഹായത്തോടെയുള്ള ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന് (ഡ്രിപ്) എത്ര തുകയുടെ ഭരണാനുമതി നൽകി; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കുകയുണ്ടായോ; എത്ര വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ;

(ഡി) കനത്ത വേനൽ മൂലം സംസ്ഥാനത്ത് ഉണ്ടായ ജലലഭ്യതയുടെ കുറവ് പരിഹരിക്കുവാൻ കാലവർഷവും തുലാവർഷവും മുഖേന ലഭിക്കുന്ന ജലം പരമാവധി പ്രയോജനപ്പെടുത്തുവാൻ പുതിയ ഡാം കെട്ടുന്ന തുൾപ്പെടെയുള്ള എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിൽ കോൺക്രീറ്റ് ജെട്ടികൾ സ്ഥാപിക്കുന്നതിന് നടപടി</u>

2722 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വിവിധ പഞ്ചായത്തുകളിൽ ഉളള താൽക്കാലിക തടി ജെട്ടികൾ മാറ്റി കോൺക്രീറ്റ് ജെട്ടികൾ സ്ഥാപിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ജെട്ടികൾക്ക് സാമ്പത്തിക അനുമതി ലഭ്യമാക്കി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിലെ സമഗ്ര തീരദേശ ജലവിതരണ പദ്ധതി</u>

2723

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര തീരദേശ പദ്ധതി പ്രകാരം അമ്പലപ്പുഴ, പുറക്കാട് ഗ്രാമപഞ്ചായത്തുകളിൽ ഓവർഹെഡ് ടാങ്കും അനുബന്ധ ജലവിതരണ പദ്ധതികളും അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദീകരിക്കുമോ;

(സി) ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഡാമുകളുടെ സുരക്ഷ</u>

2724 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷയ്ക്ക് മതിയായ പ്രാധാന്യം നൽകുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും എന്ന ശീർഷകത്തിൽ 2011-2012 ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത് ; ഇതുവരെ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>മലമ്പുഴ അണക്കെട്ടിന്റെ നവീകരണം</u>

2725 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ അണക്കെട്ട് നവീകരിക്കുന്നതിനായി ലോക ബാങ്കിന്റെ അംഗീകാരത്തിന് സമർപ്പിച്ച പ്രോജക്റ്റ് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നവീകരണത്തിനുൾപ്പെടുത്തിയിരിക്കുന്നത് ഏതെല്ലാം പ്രവൃത്തികൾക്കാണ് ; വ്യക്തമാക്കാമോ ;

(സി) അണക്കെട്ടിൽ നിന്നും മണലും എക്കലും നീക്കം ചെയ്യുന്നതിനായി വിദഗ്ദ്ധ സമിതികൾ എന്തെല്ലാം പഠനങ്ങളാണ് നടത്തിയിത് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പെരുവണ്ണാമൂഴി റിസർവോയറിലെ ബോട്ടുജെട്ടി നിർമ്മാണം</u>

2726 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി റിസർവോയറിൽ ബോട്ടുജെട്ടി നിർമ്മിക്കുന്നതിനുളള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുണ്ടോ;

(സി) ഇതിന്റെ ഡിസൈൻ, പ്ലാൻ, വിശദമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിൽ ആർക്കെങ്കിലും ചുമതല നൽകിയിട്ടുണ്ടോ;

(ഡി) ബന്ധപ്പെട്ട ഏജൻസിക്ക് പ്രസ്തുത ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഇ) ബന്ധപ്പെട്ട ഏജൻസി ആവശ്യപ്പെട്ട രേഖകൾ (ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ്) സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കോഴിക്കോട്ടെ പൂന്നൂർപുഴ തീരദേശ സംരക്ഷണ പദ്ധതി

2727

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പൂന്നൂർപുഴയുടെ തീരങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് തീരപ്രദേശത്ത് താമസിക്കുന്നവരിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) അപേക്ഷ നൽകിയവരുടെ പേരുവിവരവും അപേക്ഷകളിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ചാലിയാർ പുഴയിലെ പാർശ്വഭിത്തി നിർമ്മാണം</u>

2728 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയിൽ വാഴക്കാട് കവണക്കല്ല് റഗുലേറ്റർ കം- ബ്രിഡ്ജിന്റെ സമീപം ഇടത് കരയിൽ പാർശ്വഭിത്തി കെട്ടുന്നതിന് 21-02-2007-ാം തീയതിയിലെ ജി. ഒ. (ആർ.ടി) നമ്പർ 240/07/ഡബ്ല്യൂ.ആർ.ഡി നമ്പറായി 94 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ജലവിഭവ വകുപ്പ് നൽകിയിരുന്നുവോ ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ബഹു. കേരള ഹൈക്കോടതിയുടെ 14-03-2006 തീയതിയിലെ ഡബ്ല്യൂ. പി. സി നം. 3191 ഓഫ് 2005 (എസ്) ജഡ്ജ്മെന്റ് പ്രകാരമാണോ ഭരണാനുമതി നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) 2007 ന് ശേഷം ഈ ഭരണാനുമതി പ്രകാരം പ്രവൃത്തി നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ കോപ്പികളുടെ പകർപ്പ് സഹിതം വിശദമാക്കുമോ;

(ഡി) ഇവിടെ പാർശ്വഭിത്തികെട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) 2007 ൽ ഭരണാനുമതി നൽകുമ്പോൾ ''2702-01-800-94 പ്രോജക്ട് മെയിന്റനൻസ്-34 അദർ ചാർജസ്'' എന്ന ശീർഷകത്തിൽ നിന്നാണോ പണം അനുവദിക്കുവാൻ നിർദ്ദേശിച്ചിരുന്നത് ;

(എഫ്) പിന്നീട് പ്രസ്തുത പ്രവൃത്തിക്ക് തുക വകയിരുത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ജി) ഇവിടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിരിക്കുന്നു; എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പൊഴിക്കര ചീപ്പിന്റെ പ്രവർത്തനം ക്രമീകരിക്കാൻ നടപടി</u>

2729

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൊഴിക്കര ചീപ്പ് നവീകരിച്ച ശേഷം പ്രസ്തുത സംവിധാനം പ്രവർത്തിപ്പിക്കുന്നതിലേയ്ക്ക് ബന്ധപ്പെട്ട വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്താണ്; വ്യക്തമാക്കുമോ;

(ബി) ചീപ്പിന്റെ പ്രവർത്തനം ക്രമീകരിക്കാത്തതിനാൽ ഇത്തിക്കര ഏലാ ഉൾപ്പെട്ട പ്രദേശത്ത് നിരന്തരം ഉപ്പുവെള്ളം കയറുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഭൂഗര്‍ഭ ജല നിരപ്പ്</u>

2730 ശ്രീ. സി. ദിവാകരന്‍
,, ഇ. കെ. വിജയന്‍
,, ജി. എസ്. ജയലാല്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഭൂഗര്‍ഭ ജല നിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നതായി ഭൂഗര്‍ഭ ജലവകുപ്പ് റിപ്പോര്‍ട്ട് നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഈ റിപ്പോര്‍ട്ടിലെ മറ്റ് കണ്ടെത്തലുകള്‍ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) അപകടകരമാംവിധം ജലനിരപ്പ് താഴ്ന്ന എത്ര ബ്ലോക്കുകളുണ്ടെന്നാണ് റിപ്പോര്‍ട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ സ്ഥലങ്ങളില്‍ ഭൂഗര്‍ഭ ജലനിരപ്പ് താഴുന്നതിനുണ്ടായ കാരണങ്ങള്‍ കണ്ടെത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഭൂഗർഭജലത്തിന്റെ അനധികൃത ചൂഷണം</u>

2731 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വകാര്യ സംരംഭകർ ഭൂഗർഭജലം അനധികൃതമായി ചൂഷണം ചെയ്യുന്നതു തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>കുഴൽക്കിണറുകൾ</u>

2732 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനരഹിതമായ കുഴൽകിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനും പുതിയ കുഴൽകിണറുകൾ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മൂലം സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം എത്രമാത്രം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ ലിമിറ്റഡ്
അക്വയർ ചെയ്ത സ്ഥലം

2733 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ്''ന് ആവശ്യമായ സ്ഥലം എവിടെയെല്ലാമാണ് അക്വയർ ചെയ്തിട്ടുള്ളത്;

(ബി) കമ്പനിക്കാവശ്യമായ അസംസ്കൃതവസ്തുവായ ജലം ലഭിക്കുന്നതിന് ആരുടെ അനുമതിയാണ് വേണ്ടത്?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ഭൂജല വകുപ്പിലുള്ള ഒഴിവുകൾ</u>

2734 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭൂജല വകുപ്പിൽ ആകെ എത്ര ഒഴിവുകൾ ഏതെല്ലാം തസ്തികകളിൽ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വഴി അന്യ ജില്ലകളിൽ ജോലിചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുണ്ടെന്ന വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിന്റെ ജില്ലയിലെ പ്രവർത്തനങ്ങളെ പ്രസ്തുത കാരണങ്ങൾ പ്രതികൂലമായി ബാധിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിലെ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>റിവർ മാനേജ്മെന്റ് ഫണ്ട് മുഖേന അനുവദിക്കുന്ന തുക</u>

2735 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് മുഖേന കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കോട്ടയം ജില്ലയിൽ ആകെയും വൈക്കം നിയോജകമണ്ഡപരിധിയിലും എത്ര തുക അനുവദിച്ചു എന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) റിവൻ മാനേജ്മെൻറ് ഫണ്ട് വഴി അനുവദിക്കുന്ന തുകകൾ, കൃത്യസമയത്ത് ജോലികൾ പൂർത്തിയാക്കാതെ ലാപ്സായിപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അനുവദിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ചെമ്മാപ്പിള്ളി തൂക്കുപാലം</u>

2736 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒന്നര കോടി രൂപ അനുവദിച്ച താന്ന്യം പഞ്ചായത്തിലെ ചെമ്മാപ്പിള്ളി തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(സി) തൂക്കുപാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴയോരം പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഇരുമ്പോത്തിങ്കൽ കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

2737 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേഞ്ഞിപ്പാലം വള്ളിക്കുന്ന് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്കൽ കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ആയതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>എരമം-കുറ്റൂർ പഞ്ചായത്തിലെ മാവുള്ള പൊയിൽ വി.സി.ബി. കം ബ്രിഡ്ജ്</u>

2738 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ മാവുള്ള പൊയിൽ വി.സി.ബി. കം.ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയും; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

പൊന്നാനി മണ്ഡലത്തിലെ വെളിയങ്കോട് ലോക് കം ബ്രിഡ്ജ്

2739 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ വെളിയങ്കോട് ലോക് കം ബ്രിഡ്ജിന്റെ പുതിയ ഡിസൈൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എത്ര തുകയുടെ എ. എസ്. ആണ് ലഭിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ചിത്താരി റഗുലേറ്റർ കം-ബ്രിഡ്ജ്</u>

2740 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചിത്താരി റഗുലേറ്റർ കം-ബ്രിഡ്ജിന് സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ലക്ഷം രൂപയ്ക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നിരക്കുവർദ്ധനവുമൂലമുള്ള അധിക തുക ലഭ്യമാക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകി എന്ന് ആരംഭിക്കാനാവും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>തോക്കാട് തോടിന് കുറുകെ നിർമ്മിക്കുന്ന</u>
<u>വി. സി. ബി. കം ബ്രിഡ്ജ്</u>

2741 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എരമം-കുറ്റൂർ പഞ്ചായത്തിലെ തോക്കാട് തോടിന് കുറുകെ നിർമ്മിക്കുന്ന വി. സി. ബി. കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ് ;

(സി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കരങ്കുഴി തോടിനു കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ്</u>

2742 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ കരിങ്കുഴി തോടിനു കുറുകെയുള്ള റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ ;

(സി) തടസ്സങ്ങൾ നീക്കി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പേരൂൽ തോടിനു കുറുകെ വി. സി. ബി. നിർമ്മാണം</u>

2743 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ പഞ്ചായത്തിലെ പേരൂൽ തോടിനു കുറുകെ പുനർ നിർമ്മിക്കുന്ന വി. സി. ബി. യുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്; തടസ്സങ്ങൾ നീക്കി നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആനപ്പടി ഹൈഡ്രോളിൽ പാലം നിർമ്മാണം</u>

2744 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ കനോലി കനാലിന് കുറുകെ വെളിയങ്കോട് ഗ്രാമപഞ്ചായത്തിലെ ആനപ്പടി ഹൈഡ്രോളിൽ പാലം നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ചതായി ധനകാര്യ വകുപ്പിൽനിന്ന് കത്ത് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്ളാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ടോ;

(സി) എ.എസ്. ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ജലസേചന വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം</u>

2745 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കരാറുകാർ തമ്മിലുള്ള അവിഹിത കൂട്ടുകെട്ടും അഴിമതിയും ഒഴിവാക്കാൻ പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിലെ ഇ-ഗവേണൻസ്</u>

2746 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ABACUS സോഫ്റ്റ്‌വെയർ ഏതു വർഷമാണ് ആരംഭിച്ചത് ; ABACUS ന് വേണ്ടി ഡെവലപ്മെന്റ്, മെയിന്റനൻസ്, എൻ.ഐ.സി സ്റ്റാഫിന്റെ ശമ്പളം എന്നീ ഇനങ്ങളിൽ ഓരോ വർഷവും എത്ര തുക വീതം ചെലവാക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ABACUS ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എൻ.ഐ.സി യുടെ ജീവനക്കാർ കേരള വാട്ടർ അതോറിറ്റിയിൽ ജോലി ചെയ്യുന്നുണ്ടോ ; ഇവർക്ക് പകരമായി കേരള വാട്ടർ അതോറിറ്റിയിലെ സ്ഥിരം ജീവനക്കാർക്ക് പരിശീലനം നൽകി അവരെ ABACUS ന്റെ ചുമതല ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിലെ ഐ.ടി മാസ്റ്റർ പ്ലാൻ അനുസരിച്ച് ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് ഐ.ടിയുടെ പൂർണ്ണ ചുമതല കൊടുത്തിട്ടുണ്ടോ ;

(ഡി) ഡി.ബി.എ യുടെ തസ്തികയിൽ സ്ഥിരം നിയമനത്തിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ABACUS ഏതെല്ലാം ഓഫീസുകളിലേക്കാണ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ സോഫ്റ്റ് വെയർ വാങ്ങിയ നടപടി</u>

2747 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ORACLE സോഫ്റ്റ്വെയർ വാങ്ങിയതിലൂടെ ഏതെല്ലാം ഓഫീസുകളിലേക്ക് 'ABACUS' -ന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിക്കണം എന്ന് 2011-ൽ ഐ.ടി സെക്രട്ടറി നിർദ്ദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് വിരുദ്ധമായി എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(സി) സ്വതന്ത്ര സോഫ്റ്റ് വെയർ ഒഴിവാക്കി 'ORACLE' വാങ്ങുന്നത് കാരണം സോഫ്റ്റ്വെയറിന്റെ വില, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ ഉണ്ടാകുന്ന അധിക ചെലവ് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) "ORACLE' എന്ന കമ്പനിയുടെ ഉല്പന്നം 'ടെൻഡർ' ഒഴിവാക്കി KELTRON മുഖാന്തിരം വാങ്ങുന്നത് നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 'ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം' വികസിപ്പിച്ചുക്കൊണ്ടിരിക്കുമ്പോൾ തന്നെ 'ടാലി' സോഫ്റ്റ്വെയർ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിനായി എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്
<u>കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ എണ്ണം</u>

2748 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ എൻ.എം.ആർ വിഭാഗം, സി.എൽ.ആർ വിഭാഗം, എച്ച്.ആർ (സ്വന്തം പേരിൽ കൂലി കൈപ്പറ്റുന്നവർ), കരാർ തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വിശദമാക്കുമോ;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ ട്രാൻസ്ഫർ നോംസ്</u>

2749 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സംഘടനകളുമായി ചർച്ച നടത്തി എന്തെങ്കിലും ട്രാൻസ്ഫർ നോംസ് ഉണ്ടാക്കിയിട്ടുണ്ടോ; എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിലെ കമ്പ്യൂട്ടറൈസേഷൻ</u>

2750 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) പൊതു മേഖലാ സ്ഥാപനങ്ങൾ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുമ്പോൾ ഫ്രീ സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന സർക്കാർ നയം വാട്ടർ അതോറിറ്റിക്ക് ബാധകമാണോ;

(സി) എങ്കിൽ സർക്കാർ നയം വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ സ്പെഷ്യൽ റൂളുകളിലെ അപാകത

2751

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ മിനിസ്റ്റീരിയൽ, ടെക്നിക്കൽ സ്പെഷ്യൽ റൂളുകളിലെ അപാകത പരിഹരിക്കുന്നതിലേയ്ക്ക് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിന് നടപടി</u>

2752 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 വർഷത്തിൽ ഇക്കാര്യത്തിൽ എത്ര തുക അനുവദിച്ചു എന്നും അനുവദിച്ചതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ പ്രസ്തുത ഇനത്തിൽ ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തതെന്നും എത്ര തുക അനുവദിച്ചുവെന്നും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കരമന, കിള്ളിയാർ എന്നീ നദികളുടെ സംരക്ഷണം

2753 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കരമന, കിള്ളിയാർ എന്നീ നദികൾ ശുചീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ;

(ബി) ആയതിനായി ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള ക്ഷാമം</u>

2754

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രൂക്ഷമായ വരൾച്ച മൂലം ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ഏതെല്ലാം ജില്ലകളിലാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഏത് ഏജൻസിയാണ് പഠനം നടത്തിയത് ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

പാറക്കടവിലെ കുടിവെള്ളക്ഷാമം

2755 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അനുവദിച്ച രണ്ടര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും ഇതിന്റെ കാലതാമസത്തിന് കാരണമെന്തെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ടാങ്കർ ലോറിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളക്ഷാമത്തിന് ലൈസൻസ്</u>

2756 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ടാങ്കർ ലോറിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളം മാലിന്യമുക്തമാണെന്ന് ഉറപ്പു വരുത്തുവാനും അപ്രകാരം മാലിന്യമുക്തമായവയ്ക്കു മാത്രം ലൈസൻസ് നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ലൈസൻസുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

റാന്നി നിയോജകമണ്ഡലത്തിലെ ജലവിതരണ പ്രവൃത്തികൾ

2757 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ വിവിധ ജലവിതരണ പദ്ധതികളിൽ ഓരോ പദ്ധതിയ്ക്കും SLEC യിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയ്ക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ;

(സി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇനിയും എന്തെല്ലാം നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണ കമ്പനി ചട്ടങ്ങൾ</u>

2758 ശ്രീ. കെ. മുരളീധരൻ
,, ടി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുടിവെള്ള വിതരണ കമ്പനിയുടെ വിശദമായ പ്രവർത്തനത്തിനുള്ള ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

ബി. പി. എൽ കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം

2759 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൊതു ജലവിതരണ ശൃംഖല വഴി എത്ര ബി. പി. എൽ കുടുംബങ്ങൾക്ക് തികച്ചും സൗജന്യമായി കുടിവെള്ളം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജി. ഒ(എം. എസ്)103/2012/ഡബ്ല്യൂ. ആർ.ഡി തീയതി 31.12.2012 ന് ഇറങ്ങിയ ഉത്തരവിൽ കുടിവെള്ളവിതരണത്തിന് സി. ഐ. എ.സി മോഡൽ കമ്പനി രൂപീകരിക്കുമെന്നും ഇതിൽ 51% സ്വകാര്യ ഓഹരി പങ്കാളിത്തം ഉണ്ടെന്നും വ്യക്തമാക്കി സാഹചര്യത്തിൽ സൗജന്യ നിരക്കിലുള്ള കുടിവെള്ള വിതരണം നിർത്തലാക്കുന്നതിന് കാരണമാകുമോ;

(സി) പ്രസ്തുത ഉത്തരവ് മൂലം ജലസമ്പത്ത് വാണിജ്യവൽക്കരിക്കപ്പെടുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നീതിയുക്തമായ ജലവിതരണം ഉറപ്പു വരുത്തുന്നതിലേയ്ക്കായി പ്രസ്തുത ഉത്തരവ് റദ്ദാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി</u>

2760 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുവരെയായും നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന നാദാപുരം മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

2761 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മുനിസിപ്പാലിറ്റി അഞ്ചാം വാർഡിൽ സെന്റ്മേരീസ് സ്കൂൾ - കുറ്റിക്കാട്ടിൽപ്പടി റോഡിനും കീക്കാട്ടിൽ മലയിൽ റോഡിനും ഐ.പി.സി. ഹാൾ റോഡിനും മദ്ധ്യേയുള്ള പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള തിരുവല്ലാകുടിവെള്ള പദ്ധതിയിൽ നിന്നും കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>തീരദേശത്തെ ശുദ്ധജല ദൗർലഭ്യം</u>

2762

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലക്ഷാമം മൂലം സംസ്ഥാനത്തെ തീരദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതു കാരണം തീരദേശ ഗ്രാമീണ മേഖലയിലെ പല പദ്ധതികളും അവതാളത്തിലാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) കോടികൾ മുതൽ മുടക്കിയ വിഴിഞ്ഞം, മുക്കോല, പുലിയൂർക്കോണം, കരിച്ചൽ, കൊല്ലങ്കോണം, കണ്ണകുളം, അട്ടറമൂല, മൂലക്കര, വളവ്നട, പുളിങ്കുടി തുടങ്ങിയ ശുദ്ധജല പദ്ധതികളുടെയെല്ലാം ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>വരൾച്ച നേരിടാൻ കേന്ദ്രം അനുവദിച്ച സാമ്പത്തിക സഹായം</u>

2763

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പ്രദേശങ്ങൾ വരൾച്ചബാധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ വരൾച്ചാ മേഖലകൾ സന്ദർശിക്കാൻ കേന്ദ്ര സംഘം വന്നിരുന്നുവോ;

(സി) എങ്കിൽ കേന്ദ്രസംഘം എത്ര തവണ ഏതൊക്കെ പ്രദേശങ്ങൾ സന്ദർശിച്ച് ആരിൽനിന്നെല്ലാം വിശദാംശങ്ങൾ ശേഖരിച്ചെന്ന് വിശദമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസംഘം എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചതെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് വരൾച്ച നേരിടാൻ കേന്ദ്രം ഇതിനകം എത്ര സാമ്പത്തിക സഹായം അനുവദിച്ചെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ ഗുണമേന്മ</u>

2764 ശ്രീ. എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുടിവെള്ളത്തിന്റെ ഗുണമേന്മ കുറവ് സ്കൂൾ വിദ്യാർത്ഥികളിൽ ദന്തൽ ഫ്ളൂറോസിസ് എന്നരോഗത്തിന് കാരണമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കുടിവെള്ളത്തിലെ ഉപ്പ് രസം കുറയ്ക്കുന്നതിനും ഫ്ളൂറൈഡ് പ്രശ്നം പരിഹരിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ; വിശദാംശം നൽകുമോ?